**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2346**

**06/10/2016 ൽ**
**മറുപടിയ്ക്ക്**

**കശുമാവ് കൃഷി**

**ചോദ്യം**
**ശ്രീമതി.പി.അയിഷാ പോറ്റി**

**ഉത്തരം**
**മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സർക്കാർ ഉടമസ്ഥതയിൽ ഉള്ള തരിശു ഭൂമികളിൽ കശുമാവിൻ തൈ വച്ചു പിടിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ; | (എ) | കേരള സ്റ്റേറ്റ് കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്തു വരികയാണ്. എന്നാൽ കശുവണ്ടി വ്യവസായാവശ്യത്തിന് തോട്ടണ്ടി തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള തരിശു ഭൂമികളിൽ വിപുലമായ രീതിയിൽ കശുമാവ് കൃഷി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് വനം, കൃഷി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിമാരുമായും വകുപ്പ് തലവൻമാരുമായും ചർച്ച നടത്തിയതിനു ശേഷം സംയുക്തമായി പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ഡാം സൈറ്റുകളുടെ കരയിലുള്ള ഭൂമി ഇതിനായി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിച്ചു വരികയാണ്. |
| (ബി) | കശുവണ്ടി തൊഴിലാളികളുടെ ഭവനങ്ങളിൽ സ്ഥലലഭ്യതക്ക് അനുസരിച്ച് കശുമാവിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ ? | (ബി) | കശുവണ്ടി തൊഴിലാളികളുടെ ഭവനങ്ങളിൽ സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് കശുമാവിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ